(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.കെ.കെ.ഡി. പി.4/1564/17

കേരള സംസ്ഥാന ഓഡിറ്റ്

ജില്ലാ ഓഡിറ്റ് കാര്യാലയം

സിവിൽ സ്റ്റേഷൻ,കോഴിക്കോട്
Phone: 04952371012
Email- dokkd.ksad@kerala.gov.in

തീയതി 10-8-2017

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

ചങ്ങരോത്ത് ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : ചങ്ങരോത്ത് ഗ്രാമപഞ്ചായത്ത് - 2016-17 സാമ്പത്തിക വർഷത്തെ ഓഡിറ്റ്

റിപ്പോർട്ട് - സംബന്ധിച്ച്

*****************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ചങ്ങരോത്ത് ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2ലെ ഖണ്ഡികയിലേയ്ക്കും ഭാഗം 3ലെ ഖണ്ഡികയിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1)കേരള സംസ്ഥാന ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം(ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ

3)കാര്യാലയ പകർപ്പ്

നം. കെ.എസ്.എ.കെ.കെ.ഡി. പി4/1564/2017 തിയ്യതി:10-8-2017

കോഴിക്കോട് ജില്ലയിലെ ചങ്ങരോത്ത് ഗ്രാമപഞ്ചായത്തിന്റെ

2016-17സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള

ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോഴിക്കോട് ജില്ലയിലെ ചങ്ങരോത്ത് ഗ്രാമപഞ്ചായത്തിന്റെ 2016-17സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി.പഞ്ചായത്ത് 1.04.2016 മുതൽ 31.03.2017 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 22 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 6 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. മറുപടി പരിഗണിച്ച ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ സി രാജൻ, ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 04.07.2017 മുതൽ 10.07.2017 വരെ<br>19.07.2017മുതൽ21.07.2017 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ ബാലകൃഷ്ണൻ കെ എം,ഓഡിറ്റ് ഓഫീസർ |
| | ശ്രീ സതീഷ് കുമാർ കെ,ഓഡിറ്റ് ഓഫീസർ<br>ശ്രീ ജയകുമാർ പാലോളി,അസി ഓഡിറ്റ് ഓഫീസർ<br>ശ്രീ ജാസിർ സി എം, ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി ആയിഷ കെ കെ | 1.04.2016 മുതൽ 31.03.2017 വരെ |
| സെക്രട്ടറി | ശ്രീ അനീഷ് അരവിന്ദ് | 01.04.2016മുതൽ31.03.2017 വരെ |
| നിർവ്വഹണ ഉദ്യോഗസ്ഥർ | | |
| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
| അസി. സെക്രട്ടറി | ശ്രീ ഷാജി എം സ്റ്റീഫൻ | 01.04.2016 മുതൽ 30.12.2016 വരെ |
| | ശ്രീ സുനിൽ കുമാർ | 13.01.2017 മുതൽ 31.03.2017 വരെ |
| മെഡിക്കൽ ഓഫീസർ(പി എച്ച് സി) | ഡോ ആനന്ദൻ ഇ വി<br>ഡോ ബിജേഷ് ഭാസ്കരൻ | 01.04.2016 മുതൽ 04.08.2016 വരെ<br>05.08.2016 മുതൽ 31.03.2017വരെ |
| മെഡിക്കൽ ഓഫീസർ<br>(ആയുർവ്വേദം) | ഡോ ശിവപ്രസാദൻ | 01.04.2016 മുതൽ 31.03.2017വരെ |
| വെറ്ററിനറി സർജൻ | ഡോ ഡീന ആന്റണി | 01.04.2016 മുതൽ 31.03.2017 വരെ |
| കൃഷി ഓഫീസർ | ശ്രീ ദിലീപ് കുമാർ പി | 01.04.2016 മുതൽ 31.03.2017 വരെ |
| അസി എഞ്ചിനീയർ | ശ്രീമതി കെ സി സൗദ | 01.04.2016 മുതൽ 31.12.2016 വരെ |

| | | |
|---|---|---|
| | ശ്രീമതി ഫൌസിയ എം ആർ | 01.01.2017 മുതൽ 31.03.2017 വരെ |
| വി ഇ ഒ | ശ്രീ വിനോദ് ആർ എം | 01.04.2016 മുതൽ 31.03.2017 വരെ |
| ക്ഷീരവികസന ഓഫീസർ | ശ്രീ ശിവദാസൻ കെ | 01.04.2016 മുതൽ 31.03.2017 വരെ |
| ഐ സി ഡി എസ് സൂപ്പർവൈസർ | ശ്രീമതി മോളി | 01.04.2016 മുതൽ 31.03.2017 വരെ |
| ഹെഡ് മാസ്റ്റർ | ശ്രീ കുഞ്ഞമ്മത് വി പി | 01.04.2016 മുതൽ 31.03.2017 വരെ |

ഉള്ളടക്കം



| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| | പൊതുഅവലോകനം | |
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക. | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം. | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം(എ.സി.ആർ പ്രകാരം) | 1-5 |
| 6 | പദ്ധതി അവലോകനം. | 1-6 |
| 7 | തനത് വരുമാനം. | 1-7 |
| 8 | ക്ഷേമപദ്ധതികൾ | 1-8 |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| | ഭാഗം 2 | |
| 11 | വാർഷിക കണക്കിലെ അപാകതകൾ | 2-1 |
| 12 | തൊഴിൽ നികുതി - അപാകതകൾ | 2-2 |
| 13 | ലൈസൻസ്- അപാകതകൾ | 2-3 |
| 14 | പരസ്യ നികുതി ഈടാക്കുന്നില്ല. | 2-4 |
| | ഭാഗം 3 | |
| 15 | വെള്ളക്കരം- സംയുക്ത പരിശോധന നടത്തിയില്ല. | 3-1 |
| 16 | ലഘു ഭക്ഷണ ചെലവ്- ബില്ല് ഹാജരാക്കാതെ പണം നൽകി. | 3-2 |
| 17 | ലോഗ് ബുക്കിൽ രേഖപ്പെടുത്താതെ ഡീസൽ ബില്ലിന് തുക ചെലവഴിച്ചു. | 3-3 |
| 18 | ഗ്രാമീണ വിദ്യാഭ്യാസ സാമൂഹ്യ ശാക്തീകരണ ട്രസ്റ്റിന്റെ ചെലവിന് പഞ്ചായത്ത് ഫണ്ട് വിനിയോഗിച്ചു. | 3-4 |
| 19 | ടെണ്ടർ ഫോറം വില പഞ്ചായത്ത് ഫണ്ടിൽ വരവ് വെയ്ക്കുന്നില്ല. | 3-5 |
| 20 | മരാമത്ത് പ്രവൃത്തികൾനടപ്പിലാക്കിയതിലെ അപാകതകൾ | 3-6 |
| 21 | ജൈവ പച്ചക്കറി വികസനം പ്രോജക്റ്റ് ആവശ്യമായതിലും അധികം പച്ചക്കറി വിത്തുകൾ വാങ്ങി. | 3-7 |
| 22 | കേരള വാട്ടർ അതോറിറ്റി പൈപ്പ് ലൈൻ | 3-8 |

| | | |
|---|---|---|
| | നീട്ടൽ- പദ്ധതി നടത്തിപ്പ് അപാകതകൾ | |
| 23 | നിർവ്വഹണ ഉദ്യോഗസ്ഥനായ വെറ്ററിനറി സർജൻ പദ്ധതികൾക്കായി വകയിരുത്തിയ തുകയിൽ 11-.4% മാത്രമേ ചെലവഴിച്ചുള്ളൂ. | 3-9 |
| 24 | കൃഷി, മൃഗ സംരക്ഷണ മേഖലയിൽ ആവിഷ്കരിച്ച പദ്ധതികൾ ഗുണഭോക്താക്കളെ ലഭിക്കാത്തതിനാൽ നടപ്പിലാക്കിയില്ല. | 3-10 |
| 25 | അനുപൂരക പോഷകാഹാര വിതരണം- ഭക്ഷ്യ ധാന്യം സ്റ്റോക്കിലെടുത്തതിൽ കുറവ്. | 3-11 |
| 26 | ഐ.സി.ഡി.സി. എസ്. സൂപ്പർവൈസറുടെ പദ്ധതി നടത്തിപ്പിലെ അപാകതകൾ | 3-12 |
| 27 | ആയുർവേദ ആശുപത്രിക്ക് മരുന്ന് വാങ്ങൽ- മുഴവൻ മരുന്നുകളും ലഭിച്ചില്ല. | 3-13 |
| 28 | പെയിൻ ആൻറ് പാലിയേറ്റീവ് ഹോംകെയർ പുനരധിവാസം- അപാകതകൾ | 3-14 |
| 29 | പി.എച്ച്.സി മരുന്ന് വാങ്ങൽ- മരുന്നുകൾ ലഭ്യമായില്ല. | 3-15 |
| 30 | സമഗ്ര ആരോഗ്യ പദ്ധതി- ആവശ്യത്തിലധികം ഉപകരണങ്ങൾ വാങ്ങി. | 3-16 |
| 31 | ഭവന നിർമ്മാണ പ്രോജക്ടുകൾക്ക് തറ വിസ്തീർണ്ണം സംബന്ധിച്ച് സാക്ഷ്യപത്രം | 3-17 |
| | ഭാഗം -4<br>പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | |
| 32 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 33 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 34 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 35 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 |
| 36 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 37 | ഓഡിറ്റ് റിക്കവറി | 4-6 |
| 38 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. | 4-7 |
| 39 | ഓഡിറ്റ് പ്രത്യവലോകനം | 4-8 |
| 40 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 |



# ഭാഗം **1**

## പൊതു അവലോകനം

### **1-1** ബജറ്റ്

2016-17 .വർഷത്തെ പുതുക്കിയ ബജറ്റ് 27.03.2017 തിയതിയിലെ 33/2017 തീരുമാന പ്രകാരം അംഗീകരിച്ചു.

## 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.07.2017 | 18-7-2017 |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2016-17 | അനുബന്ധം 1-1-ൽ ചേർത്തിട്ടുണ്ട്. | |

## 1-4 സാമ്പത്തിക വിശകലനം

മുന്നിരിപ്പ് - 17077165

വരവ് - 54857746

ആകെ - 71934911

ചെലവ് - 49017354

നീക്കിയിരിപ്പ്- 22917557

## 1-5 ഫണ്ട് വിനിയോഗം(എ.സി.ആർ പ്രകാരം)

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 15513426 | 15513426 | 12646440 | 2866986 | 81.51 |
| വികസനഫണ്ട് എസ്.സി.പി. | 0 | 6064839 | 6064839 | 4453729 | 1611110 | 73.43 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 145674 | 145674 | 66000 | 79674 | 45.30 |
| സംരക്ഷണഗ്രാന്റ് റോഡ് | 0 | 5122722 | 5122722 | 3293954 | 1828768 | 64.30 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 4156980 | 4156980 | 1695954 | 2461026 | 40.79 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 8700051 | 8700051 | 3985037 | 4715014 | 45.8 |
| പെർഫോമൻസ് ഗ്രാന്റ് | 0 | 3378560 | 3378560 | 3267010 | 111550 | 96.69 |
| എം.എൻ.ആർ.ഇ.ജി.എസ്. | 15351 | 47908126 | 47923477 | 47781771 | 141706 | 99.70 |
| ബി ഫണ്ട് | 0 | 49758110 | 49758110 | 49758110 | 0 | 100 |

## 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത്(എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത്(എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത്(എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 141 | 68394162 | 89 | 34993673 | 13 | 52 | 53 |

## 1-7 തനത് വരുമാനം.

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തികവർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം 1.63 ശതമാനം കുറവ്/വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 4466121 | 3770737 | 695384 | -15.57 |
| നികുതിയേതര വരവുകൾ | 577071 | 823643 | 246572 | +42.72 |
| മറ്റുവരവുകൾ | 9248918 | 10171464 | 922546 | +9.97 |
| ആകെ | 14292110 | 14057844 | 234266 | -1.63 |

## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 444840 | 245 |
| കർഷകതൊഴിലാളി പെൻഷൻ | 10577860 | 1177 |
| വിധവാപെൻഷൻ | 14807680 | 1136 |
| വാർദ്ധക്യകാലപെൻഷൻ | 19268160 | 1720 |
| വികലാംഗപെൻഷൻ | 4184205 | 354 |
| 50 വയസ്സ് കഴിഞ്ഞ അവിവാഹിസരായ സ്ത്രീകൾക്കുള്ള പെൻഷൻ | 265365 | 25 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം | 210000 | 7 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 4.07.2017 ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 92308/- .രൂപ ക്യാഷ് നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 15.07.2017 മുതൽ 17.07.2017 വരെ | 1.04.2017 മുതൽ 30.06.2017 വരെ | ലഭ്യമല്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 12.02.2014 | 2008-09 മുതൽ 2012-13 | LBA(HQ)VI/8A-2075/14 Dt.11.03.2014 |

# ഭാഗം-2

# വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 വാർഷികകണക്കിലെ അപാകതകൾ

1-വാർഷികകണക്ക് പ്രാകാരം വസ്തുനികുതി തൻവർഷ ഡിമാന്റ് തുക 2679389 രൂപയും കളക്ഷൻ 2621206 രൂപയും ബാലൻസ് തുക 38112 രൂപയുമാണ്.എന്നാൽ ഡിമാന്റ് കളക്ഷൻ ബാലൻസ് സ്റ്റേറ്റ്മെന്റ് പ്രകാരം തൻവർഷ കളക്ഷൻ 2651372 രൂപയാണ്. വാർഷികകണക്ക് പ്രകാരമുള്ള കളക്ഷൻ തുകയും ഡിമാന്റ് കളക്ഷൻ ബാലൻസ് സ്റ്റേറ്റ് മെന്റും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

2- 2015-16 വാർഷികകണക്ക് ബാലൻസ് ഷീറ്റ് പ്രകാരം വസ്തുനികുതി ഇനത്തിൽ ബാലൻസായി ഉണ്ടായിരുന്ന തുക 80665 രൂപയാണ്. എന്നാൽ 2016-17 ൽ വസ്തുനികുതി അരിയർ കളക്ഷൻ ഇനത്തിൽ 87181 രൂപ വരവുണ്ട്.

3-ഗ്രാമപഞ്ചായത്തിന്റെ മുഴുവൻ ആസ്തികളും ഉൾപ്പെടുത്തി ആസ്തിരജിസ്റ്റർ കാലികമാക്കി മൂല്യനിർണ്ണയതുക വാർഷികകണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

4-അസിസ്റ്റന്റ് എൻജിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായ പദ്ധതികളുടെ വാറ്റ് ,ഐടി,ക്ഷേമനിധി വിഹിതം എന്നിവ അടവാക്കിയത് വാർഷികകണക്കിൽ പ്രത്യേകമായി അക്കൗണ്ട് ചെയ്തിട്ടില്ല.

അപാകതകൾക്ക് വിശദീകരണം നൽകേണ്ടതാണ്

## 2-2 തൊഴിൽ നികുതി-അപാകതകൾ

കേരളാ പഞ്ചായത്ത് രാജ് നിയമം വകുപ്പ് 204, 1996 ലെ കേരളാ പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ, 1996ലെ കേരളാ പഞ്ചായത്ത് രാജ് തൊഴിൽ നികുതി ചട്ടങ്ങൾ ഭേദഗതി ഉത്തരവ് ജി ഒ.(പി) 143/08/ ത. സ്വ. ഭ. വ തീയ്യതി 27.5.08 എന്നിവ പ്രകാരം ചങ്ങരോത്ത് ഗ്രാമപഞ്ചായത്തിൽ തൊഴിൽ നികുതി ഈടാക്കുന്നതുമായി ബന്ധപ്പെട്ട് തയ്യാറാക്കി സൂക്ഷിച്ച ഫോറം V രജിസ്റ്റർ തൊഴിൽ നികുതി റിട്ടേണുകൾ എന്നിവ പരിശോധിച്ചപ്പോൾ ശ്രദ്ധയിൽ പെട്ട അപാകതകൾ താഴെ ചേർക്കുന്നു.

1. സി.ബി.എസ്.ഇ. സ്കൂളുകളിൽ നിന്ന് കുറഞ്ഞ നികുതി ഈടാക്കുന്നു

1988ലെ സെൻട്രൽ ബോർഡ് ഓഫ് സെക്കന്ററി എഡ്യൂക്കേഷന്റെ (സി.ബി.എസ്.ഇ) അഫിലിയേഷൻ വ്യവസ്ഥകൾ പ്രകാരം ഇന്ത്യയിൽ പ്രവർത്തിക്കുന്ന സി.ബി.എസ്.ഇ. സ്കൂളുകളിലെ ജീവനക്കാർക്ക് അതേ തസ്തികയിൽ ജോലി ചെയ്യുന്ന സംസ്ഥാന സർക്കാർ സ്കൂളുകളിലെ ജീവനക്കാർക്ക് നൽകുന്ന ശമ്പള സ്കെയിലിലെ വേതനവും, ആനുകൂല്യങ്ങളും നൽകണമെന്നാണ് നിർദ്ദേശമുള്ളത് [അഫിലിയേഷൻ ബൈലോയിലെ ഖണ്ഡിക 3(v)കാണുക]. എന്നാൽ ഗ്രാമപഞ്ചായത്ത് പരിധിക്കുള്ളിൽ പ്രവർത്തിച്ചിരുന്ന ഐഡിയൽ പബ്ലിക് സ്കൂൾ (കുറ്റ്യാടി), ഐഡിയൽ കോളേജ് മേധാവികൾ സമർപ്പിച്ച തൊഴിൽ നികുതി റിട്ടേണുകളിൽ രേഖപ്പെടുത്തിയ ജീവനക്കാരുടെ വേതന വിവരങ്ങൾ പരിശോധിച്ചതിൽ ജീവനക്കാർക്ക് സംസ്ഥാന സർക്കാർ നിർദ്ദേശിച്ച നിരക്കിൽ ശമ്പളവും മറ്റാനുകൂല്യങ്ങളും ലഭ്യമാക്കിയതായി രേഖപ്പെടുത്തിയിട്ടില്ല. സ്കൂൾ മേധാവികൾ സമർപ്പിക്കുന്ന റിട്ടേണുകളിൽ രേഖപ്പെടുത്തിയ ജീവനക്കാരുടെ വേതന വിവരങ്ങൾ പരിശോധിച്ചതിൽ ജീവനക്കാർക്ക് സംസ്ഥാന സർക്കാർ നിർദ്ദേശിച്ച നിരക്കിൽ ശമ്പളവും മറ്റാനുകൂല്യവും ലഭ്യമാക്കിയതായി രേഖപ്പെടുത്തിയിട്ടില്ല. സ്കൂൾ മേധാവികൾ സമർപ്പിക്കുന്ന റിട്ടേണുകളിൽ ആവശ്യമായ വിവരങ്ങൾ ഉൾപ്പെടുന്നുണ്ടോഎന്നും , രേഖപ്പെടുത്തിയ വിവരങ്ങൾ ശരിയാണോ എന്നും തൊഴിൽ നികുതിയുമായി ബന്ധപ്പെട്ട് സെക്രട്ടറി ചുമതലപ്പെടുത്തിയ ഉദ്യോഗസ്ഥർ ഉറപ്പു വരുത്തിയിട്ടുമില്ല. മേൽ വിവരിച്ച ബൈലോയിലെ ഖണ്ഡിക നം. 8(5) പ്രകാരം ഒരു തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിന്റെ പരിധിയിൽ പ്രവർത്തിക്കുന്ന സി.ബി.എസ്.ഇ. സ്കൂളുകളുടെ പശ്ചാത്തല സൗകര്യങ്ങൾ എല്ലാ 5വർഷവും കൂടുമ്പോൾ സാക്ഷ്യപ്പെടുത്തി നൽകേണ്ടത് അതത് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളാണ്. ഖണ്ഡിക13(3) പ്രകാരം ഏതൊരു സംസ്ഥാന/ കേന്ദ്ര/ലോക്കൽ അതോറിറ്റി ആവശ്യപ്പെടുന്ന വിവരങ്ങളും സമയ പരിധിക്കുള്ളിൽ നൽകാൻ സ്കൂൾ അധികാരികൾ ബാധ്യസ്ഥരാണ്. പഞ്ചായത്തിൽ നിന്നും സ്ഥാപന മേധാവികൾക്ക് നോട്ടീസ് നൽകി ജീവനക്കാരുടെ വിവരങ്ങൾ നൽകാൻ ആവശ്യപ്പെട്ടിട്ടും പ്രസ്തുത വിവരങ്ങൾ നൽകാതിരിക്കുന്നത് നിയമലംഘനമാണ്.

സി.ബി.എസ്.ഇ. സ്കൂളുകളിൽ നിന്നും ആവശ്യമായ എല്ലാ വിവരങ്ങളുമടങ്ങിയ റിട്ടേണുകൾ വാങ്ങി, ഈയിനത്തിൽ പഞ്ചായത്ത് ഫണ്ടിന് നഷ്ടം ഉണ്ടായിട്ടുണ്ടോ എന്ന് പരിശോധിച്ച് അതു പരിഹരിക്കാൻ നടപടിയെടുക്കേണ്ടതാണ്.

2.റിട്ടേണുകളിൽ മിനിമം വേതനം കാണിക്കുന്നില്ല

താഴെ പറയുന്ന സ്ഥാപനങ്ങളുടെ തൊഴിൽ നികുതി റിട്ടേണുകളിൽ സർക്കാർ നിർദേശിച്ച മിനിമം വേതനം കാണിക്കുന്നില്ല. സ്ഥാപനങ്ങളുടെ പേരും മിനിമം വേതനം നിശ്ചയിച്ച ഉത്തരവ് നമ്പറും താഴെ ചേർക്കുന്നു.

| ക്രമ നം | സ്ഥാപനം | മിനിമം വേതനം നിശ്ചയിച്ച ഉത്തരവ് നമ്പറും തീയ്യതിയും |
|---|---|---|
| 1 | ഐഡിയൽ പബ്ലിക് സ്കൂൾ | 1. സ.ഉ. (കൈ) നം. 36/11/ഗ്രാ.പ.വി തീ. 14-02-2011. |
| 2 | ഐഡിയൽ കോളേജ് | 2. സ.ഉ (അച്ചടി ) നം. 155/2011 /തൊഴിൽ തീ. 12-09-2011 (അദ്ധ്യാപകേതരം) |

3)ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന 2 അക്ഷയ കേന്ദ്രങ്ങളിൽ നിന്നും 2016-17 സാമ്പത്തിക വർഷം

ജീവനക്കാരുടെയും സ്ഥാപനത്തിന്റെയും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

4)ഓഡിറ്റ് വർഷം പഞ്ചായത്തിൽ വിവിധ മരാമത്ത് പ്രവർത്തികൾ ഏറ്റെടുത്ത് നടത്തിയ താഴെ പറയുന്ന കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

1-പി സൂപ്പി

2-ടോം കട്ടക്കയം

3-യു പി ഹമീദ്

4-പി ഗഫൂർ

5-എ കെ സദാനന്ദൻ

6-മഹേശ്വര കൺസ്ട്രക്ഷേർസ്

7-എൻ രാജൻ

8-പി ഹരിദാസൻ

5)ഗ്രാമപഞ്ചായത്ത് പരിധിയിയിൽ പ്രവർത്തിക്കുന്ന കള്ള് ഷാപ്പുകൾ, പെട്രോൾ പമ്പുകൾ എന്നിവിടങ്ങളിൽ നിന്നും സമർപ്പിച്ച റിട്ടേണുകളിൽ ജീവനക്കാർക്ക് മിനിമം വേതനം കാണിക്കുന്നില്ല.

മേൽ സ്ഥാപങ്ങളിൽ നിന്നും ചട്ടങ്ങളിൽ അനുശാസിക്കുന്ന വിധം നികുതിയീടാക്കാൻ ശ്രദ്ധിക്കേണ്ടതും മേൽ അപാകതകൾക്ക് വിശദീകരണം നൽകേണ്ടതുമാണ്.

## 2-3 ലൈസൻസ് അപാകതകൾ

ഡി & ഒ ലൈസൻസ് ഫയലുകൾ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ ശ്രദ്ധയിൽ പെട്ടു.

1)ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന 2 അക്ഷയകേന്ദ്രങ്ങളും 2 കള്ള് ഷാപ്പുകളും ഓഡിറ്റ് വർഷത്തിൽ ലൈസൻസ് എടുത്തിട്ടില്ല.

അപാകതയ്ക്ക് വിശദീകരണം നൽകേണ്ടതാണ്.

## 2-4 പരസ്യ നികുതി ഈടാക്കുന്നില്ല

കോഴിക്കോട്-കുറ്റ്യാടി സംസ്ഥാന പാതയോരത്ത് സ്ഥിതി ചെയ്യുന്ന ഗ്രാമപഞ്ചായത്തിൽ നാളിതുവരെ പരസ്യ നികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല. പരസ്യ നികുതിയിലൂടെ പഞ്ചായത്തിന് അധിക വരുമാനം ലഭിക്കുമെന്നതിനാൽ പഞ്ചായത്തിൽ പരസ്യ നികുതി ഏർപ്പെടുത്തി തനത് വരുമാനം വർദ്ധിപ്പിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 വെള്ളക്കരം - സംയുക്ത പരിശോധന നടത്തിയില്ല

ഓഡിറ്റ് വർഷത്തിൽ വെള്ളക്കരം ഇനത്തിൽ ആകെ 782256 /-രൂപ വാട്ടർ അതോറിറ്റിയിൽ അടച്ചിട്ടുണ്ട്. നിലവിൽ 149 പൊതു ടാപ്പുകൾക്ക് പ്രതിമാസം 65188 /- രൂപ നിരക്കിലാണ് കരം അടച്ച് വരുന്നത്.എന്നാൽ പഞ്ചായത്ത് എഴുതി സൂക്ഷിച്ച വെള്ളക്കര രജിസ്റ്റർ പരിശോധിച്ചതിൽ വെള്ളക്കരം ഒടുക്കിയ തുകയുടെ വിവരങ്ങൾ മാത്രമാണ് എഴുതി സൂക്ഷിച്ചിട്ടുള്ളത്.പ്രവർത്തിക്കുന്ന എത്ര പൊതുടാപ്പുകൾ നിലവിലുണ്ട് എന്നതു സംബന്ധിച്ച വിവരങ്ങൾ സൂക്ഷിച്ചിട്ടില്ല. ജല അതോറിറ്റിയും ഗ്രാമ പഞ്ചായത്തും സംയുക്തപരിശോധന നടത്തി പ്രവൃത്തിക്കുന്ന ടാപ്പുകളുടെ എണ്ണം തിട്ടപ്പെടുത്തിയിട്ടില്ല .ജി.ഒ (ആർ.ടി) 2242/2011/തസ്വഭവ തി.28.9.11 പ്രകാരം പൊതുടാപ്പുകൾ സംബന്ധിച്ച് വാട്ടർ അതോറിറ്റിയുമായി ചേർന്ന് സംയുക്ത പരിശോധന നടത്തണം എന്ന് നിർദ്ദേശിച്ചിരുന്നു. സംയുക്ത പരിശോധന നടത്തുന്നതിന് ഗ്രാമ പഞ്ചായത്ത് വാട്ടർ അതോറിറ്റിക്ക് 01/01/16 ന് കത്തയച്ചതായി കാണുന്നുണ്ട്.എന്നാൽ തുടർനടപടി സ്വീകരിച്ചിട്ടില്ല.വാട്ടർ അതോറിറ്റിയുമായി ചേർന്ന് സംയുക്ത പരിശോധന നടത്തി പ്രവർത്തിക്കുന്ന ടാപ്പുകൾക്കു മാത്രമേ വെള്ളക്കരം ഒടുക്കുന്നുള്ളൂ എന്ന ഉറപ്പ് വരുത്തേണ്ടതാണ്

## 3-2 ലഘുഭക്ഷണചെലവ് - ബില്ല് ഹാജരാക്കാതെ പണം നൽകി

10/15 മുതൽ 03/16 വരെ പഞ്ചായത്തിലെ വിവിധ മീറ്റിംഗുകൾക്ക് ലഘുഭക്ഷണം നൽകിയ വകയിൽ തനതുഫണ്ടിൽ നിന്ന് വൗച്ചർ നമ്പർ 21600185/28-06-16 പ്രകാരം 19800 രൂപ മോഹനൻ വി.എം, അമർ ബേക്കറി എന്നയാൾക്ക് നൽകിയതായി കാണുന്നു. എന്നാൽ ലഘുഭക്ഷണത്തിന്റെ വിശദവിവരങ്ങൾ ലഭ്യമല്ല. ബേക്കറിയുടെ ബില്ല് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. 6 മാസത്തെ തുക ഒരുമിച്ചാണ് നൽകിയിരിക്കുന്നത്. സ്ഥാപനത്തിന്റെ വിശദമായ ബില്ല് ഹാജരാക്കി തൊട്ടടുത്ത മാസം പണം നൽകാതെ വിശദവിരങ്ങൾ,ബില്ല് എന്നിവ ഹാജരാക്കാതെ 6 മാസത്തെ തുക ഒരുമിച്ച് നൽകിയ നടപടി ശരിയല്ല. അപാകതകൾക്ക് മറുപടി നൽകേണ്ടതാണ്.

## 3-3 ലോഗ്ബുക്കിൽ രേഖപ്പെടുത്താതെ ഡീസൽ ബില്ലിന് തുക ചെലവഴിച്ചു

പഞ്ചായത്ത് വാഹനമായ KL18 C-2999 വാഹനത്തിന്റെ ലോഗ്ബുക്ക്, വാഹനത്തിൽ ഇന്ധനം നിറച്ചതിന് വൗച്ചറിനോടൊപ്പം ഹാജരാക്കിയ ബില്ലുകൾ എന്നിവ പരിശോധിച്ചതിൽ ലോഗ്ബുക്കിൽ രേഖപ്പെടുത്താത്ത താഴെപ്പറയുന്ന ഡീസൽ ബില്ലുകൾക്ക് തനത് ഫണ്ടിൽ നിന്ന് പണം ചെലവഴിച്ചതായി കാണുന്നു.

| ഇന്ധന ബില്ലിന് ചെലവഴിച്ചതുക<br>വൗച്ചർനമ്പർ/തിയ്യതി | ഡീസലിന്റെ അളവ്<br>ബിൽ നം. |
|---|---|
| 2794<br>(വൗച്ചർ നം.21600125/31-5-16) | 58.10 ലിറ്റർ<br>(ഐ.ഒ.സി.പേരാമ്പ്ര-ബിൽ നം.546/28-2-16) |
| 2432<br>(വൗച്ചർ നം.21600269/1-8-16) | 49 ലിറ്റർ<br>(ഐ.ഒ.സി.പേരാമ്പ്ര-ബിൽ നം.1331/5-3-16) |
| 2681<br>(വൗച്ചർ നം.21600269/1-8-16) | 54ലിറ്റർ<br>(ഐ.ഒ.സി.പേരാമ്പ്ര-ബിൽ നം.1536/16-3--16) |

ലോഗ്ബുക്കിൽ രേഖപ്പെടുത്താത്ത ഇന്ധനം നിറച്ചതിനുള്ള ചെലവുകൾ ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. 7907 രൂപ ഉത്തരവാദിയായവരിൽ നിന്ന് തിരികെ ഈടാക്കി പഞ്ചായത്ത് ഫണ്ടിലടക്കേണ്ടതാണ്.

## 3-4 ഗ്രാമീണ വിദ്യാഭ്യാസ സാമൂഹ്യ ശാക്തീകരണ ട്രസ്റ്റിന്റെ ചെലവിന് പഞ്ചായത്ത് ഫണ്ട് വിനിയോഗിച്ചു

ചങ്ങരോത്ത് ഗ്രാമപഞ്ചായത്ത് ഗ്രാമീണ വിദ്യാഭ്യാസ സാമൂഹ്യ ശാക്തീകരണ ട്രസ്റ്റിന്റെ ആഭിമുഖ്യത്തിൽ 10/12/2016-ന് പഞ്ചായത്തിലെ അധ്യാപകർക്ക് ഒരു ശിൽപശാല സംഘടിപ്പിച്ചതിലെ ചെലവിന് 06/01/2017 ലെ വൗ.നം.21600688 പ്രകാരം 10000 രൂപ തനത് ഫണ്ടിൽ നിന്ന് ചെലവഴിച്ചതായി കാണുന്നു.136(6)/16 പഞ്ചായത്ത് തീരുമാനപ്രകാരമാണ് തുക ചെലവഴിച്ചിരിക്കുന്നത്. അധ്യാപകർക്ക് ഇത്തരത്തിൽ ഒരു ട്രെയിനിംഗ് നടത്തുന്നതിന് സർക്കാരിൽനിന്ന് പ്രത്യേക അനുമതിയോ ഉത്തരവോ വാങ്ങിയിട്ടില്ല. വിദ്യാഭ്യാസവകുപ്പ് അധ്യാപകർക്ക് ആവശ്യമായ ട്രെയിനിംഗ് നൽകുന്നതിനാൽ 10000 രൂപയുടെ ചെലവ് തടസ്സത്തിൽ വെക്കുന്നു.

## 3-5 ടെണ്ടർഫോറം വില പഞ്ചായത്ത്ഫണ്ടിൽ വരവ് വെക്കുന്നില്ല

തൻവർഷം ഇ- ടെണ്ടർ ചെയ്ത പ്രവൃത്തികളുടെ ഫയൽ പരിശോധിച്ചതിൽ 8 മരാമത്ത് പ്രവൃത്തികൾ ഇ-ടെണ്ടർ ചെയ്തതായും ടെണ്ടർ ഫോറം വിലയായി 25187 രൂപ ജില്ലാപഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിലേക്ക് ഓൺലൈനായി ഒടുക്കിയതായും കാണുന്നു. എന്നാൽ ഓഡിറ്റ് തിയ്യതിവരെ മേൽ തുക പഞ്ചായത്ത് തനതുഫണ്ടിലേക്ക് തിരികെ ലഭിച്ചതായി കാണുന്നില്ല. തുക തിരികെ ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-6 മരാമത്ത് പ്രവൃത്തികൾ നടപ്പാക്കിയതിലെ അപാകതകൾ

തൻവർഷം 25648487 രൂപയുടെ മരാമത്ത് പ്രവൃത്തികൾക്ക് അംഗീകാരം ലഭിച്ചതിൽ 9935129 രൂപ ചെലവഴിച്ച് 42 പ്രൊജക്ടുകൾ മാത്രമാണ് നടപ്പിലാക്കിയത്.38 പ്രൊജക്ടുകൾ ഉപേക്ഷിച്ചു.വകയിരുത്തിയ തുകയുടെ 38.74% മാത്രമാണ് ചെലവഴിച്ചത്. വകയിരുത്തിയ തുകയിൽ 15713358 രൂപയുടെ പ്രവൃത്തി ഏറ്റെടുത്ത് നടത്താൻ എഞ്ചിനീയർക്ക് കഴിഞ്ഞില്ല. അസിസ്റ്റന്റ് എഞ്ചിനീയർക്ക് ഒരു വർഷം നിർവ്വഹിക്കാൻ കഴിയുന്നതിലധികം പ്രൗജക്ടുകൾക്ക് എസ്റ്റിമേറ്റ് തയ്യാറാക്കിയതും വാർഡ് അടിസ്ഥാനത്തിൽ റോഡ് പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയതുമാണ് പ്രൊജക്ടുകളുടെ ബാഹുല്യത്തിന് കാരണം. റോഡ് പ്രവൃത്തികൾ നിർവ്വഹണം നടത്തുമ്പോൾ നിർവ്വഹണ സാധ്യത കൂടി ഉറപ്പു വരുത്തേണ്ടതുമാണ്.

## 3-7 ജൈവപച്ചക്കറി വികസനം പ്രോജക്ട് ആവശ്യമായതിലും അധികം പച്ചക്കറി വിത്തുകൾ വാങ്ങി.

പ്രോജക്ട് നം-73/17

അടങ്കൽ- 581250

(375000 വികസനഫണ്ട്,100000-ബ്ലോക്ക് പഞ്ചായത്ത് ,106250 ഗുവിഹിതം)

ചെലവ് - 25000/-(ബിൽ നം-1/18-3-17)

119850/-(ബിൽ നം-5/31-3-17)

47000/- (ട്രഷറി ചെക്ക് നം-3781162/29-3-17)

നിർവ്വഹണം-കൃഷി ഓഫീസർ

ഗുണ മേന്മയുള്ള പച്ചക്കറി ഉല്പാദനത്തിൽ സ്വയം പര്യാപ്തത കൈവരിക്കുന്നതിനായി പഞ്ചായത്തിലെ പത്ത് അംഗങ്ങൾ വീതമുള്ള 125 വനിതാഗ്രൂപ്പുകൾക്ക് പച്ചക്കറിവിത്ത് ,വളം, കൂലിചെലവ് എന്നിവ നൽകുന്നതിനാണ് പ്രോജക്ട് തയ്യാറാക്കിയിരിക്കുന്നത്. പ്രോജക്ട് നടത്തിപ്പിനായി നിർവ്വഹണ ഉദ്യോഗസ്ഥൻ വി.എഫ്.പി.സി.കെ യിൽ നിന്നും 22-12-2016 ലെ ബിൽ നം-16-17/1967 പ്രകാരം 25000/- രൂപ യുടെ 250 രൂപ വിലവരുന്ന 100 പച്ചക്കറിവിത്ത് കിറ്റുകൾ വാങ്ങിയിട്ടുണ്ട്. കൂടാതെ വളം സബ്സിഡിയിനത്തിൽ 47 ഗ്രൂപ്പുകൾക്ക് 1000 രൂപ പ്രകാരം 47000/- രൂപ ഗ്രൂപ്പുകളുടെ ബാങ്ക് അക്കൗണ്ടിലേക്ക് നൽകുകയും, 47ഗ്രൂപ്പുകൾ പെർമിറ്റ് പ്രകാരം വാങ്ങിയ ജൈവവളത്തിനുള്ള സബ്സിഡിയായി 119850/- രൂപ ചങ്ങരോത്ത് സർവ്വീസ് സഹകരണ ബാങ്കിലേക്കും നൽകിയിട്ടുണ്ട്. പദ്ധതിപ്രകാരം 47 ഗുണഭോക്തൃ ഗ്രൂപ്പുകളേ തൻവർഷം പച്ചക്കറി കൃഷി ചെയ്യാനായി അപേക്ഷിച്ചിട്ടുള്ളൂ. എന്നാൽ നിർവ്വഹണ ഉദ്യോഗസ്ഥൻ പദ്ധതിക്കായി മുൻകൂറായി 100 കിറ്റ് പച്ചക്കറി വിത്തുകൾ വാങ്ങിയതുകാരണം ആയതിൽ 53 കിറ്റുകൾ തൻവർഷം ഉപയോഗപ്രദമാകാതെ പോയി. ആവശ്യമായതിലും അധികം വാങ്ങിയ വിത്തുകളുടെ വിലയായ 13250/- രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു. ആയത് ഉത്തരവാദിയായ കൃഷി ഓഫീസറിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്.

## 3-8 കേരളവാട്ടർ അതോറിറ്റി പൈപ്പ് ലൈൻ നീട്ടൽ -പദ്ധതിനടത്തിപ്പ് അപാകതകൾ

പ്രോജക്ട് നം-100/17

അടങ്കൽ -300000(എസ്.സി.പി)

ചെലവ് -300000 ( ബിൽ നം -23/31-3-17)

നിർവ്വഹണം -അസിസെക്രട്ടറി.

ഗ്രാമപഞ്ചായത്തിലെ 9ാം വാർഡിലെ ആപ്പറ്റമീത്തൽ കോളനിയിൽ കിണർ കുഴിക്കുന്നത് സാധ്യമല്ലാത്തതിനാൽ വാട്ടർ അതോറിറ്റിയുടെ നിലവിലുള്ള പൈപ്പ് ലൈനിൽ നിന്നും ലൈൻ നീട്ടുന്നതിന് വാട്ടർ അതോറിറ്റിയുടെ എസ്റ്റിമേറ്റ് പ്രകാരം തുക ഡെപ്പോസിറ്റ് ചെയ്യുന്നതിനാണ് പ്രോജക്ട് നടപ്പിലാക്കിയത് .പദ്ധതി നടത്തിപ്പിനായി കേരള വാട്ടർ അതോറിറ്റി പി.എച്ച് ഡിവിഷൻ വടകര എക്സിക്യൂട്ടീവ് എഞ്ചിനീയരുടെ 67144992130 അക്കൗണ്ട് നമ്പരിലേക്ക് മാർച്ച് 31 തീയ്യതി 300000/- രൂപ നിർവ്വഹണ ഉദ്യോഗസ്ഥൻ ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്തിട്ടുണ്ട്.ഫയൽ പരിശോധിച്ചതിൽ 10-5-2017 ലെ

എക്സിക്യൂട്ടീവ് എൻജിനീയറുടെ ഡി 6-1166/2017 കത്തിൽ എസ്റ്റിമേറ്റ് അടങ്കലായ 4.20 ലക്ഷം രൂപയിൽ 300000/- രൂപമാത്രമാണ് കാര്യാലയ അക്കൗണ്ടിൽ അടവാക്കിയത്. ആയതിനാൽ ബാക്കിതുക 1.20 ലക്ഷം രൂപ അടവാക്കുന്ന മുറക്ക് മാത്രമേ പ്രവർത്തി ഏറ്റെടുത്ത് നടപ്പാക്കാൻ കഴിയുകയുള്ളൂ എന്ന് സെക്രട്ടറിയെ അറിയിച്ചിട്ടുണ്ട്. പദ്ധതി നടത്തിപ്പിൽ താഴെ പറയുന്ന അപാകതകൽ കാണുന്നു.

1-പദ്ധതി സംബന്ധിച്ച് വാട്ടർ അതോറിറ്റിയിൽ യിൽ നിന്നുള്ള സമ്മതപത്രം ലഭിച്ചിട്ടില്ല.

2-കൃത്യമായ എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തില്ല പദ്ധതിക്കായിതുകവകയിരുത്തിയിരിക്കു ന്നതും ചെലവഴിച്ചതും .

3-വാട്ടർ അതോറിട്ടിയുമായി കരാറിലേർപ്പെടുന്നതിന് മുൻപായാണ് തുക കൈമാറിയി രിക്കുന്നത്.

ആയത് കാരണം 300000 രൂപനൽകിയിട്ടും പൈപ്പ് ലൈൻ നീട്ടൽ പദ്ധതി തൻവർഷം ആരംഭിക്കാനോ പൂർത്തിയാക്കാനോ കഴിഞ്ഞില്ല. അപാകതകൾക്ക് വിശദീകരണം നൽകേണ്ടതാണ്.ചെലവ് തുക ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-9 നിർവ്വഹണ ഉദ്യോഗസ്ഥനായ വെറ്റിനറി സർജൻ പദ്ധതികൾക്കായി വകയിരുത്തിയ തുകയിൽ 11.4%മാത്രമേ ചെലവഴിച്ചുള്ളൂ

വെറ്റിനറി സർജൻ നിർവ്വഹണ ഉദ്യോഗസ്ഥനായി മൃഗസംരക്ഷണ മേഖലയിൽ ഓഡിറ്റ് വർഷം മൂന്ന് പദ്ധതികളാണ് ആവിഷ്കരിച്ചത്. ഇതിൽ മൃഗാശുപത്രിക്ക് മരുന്ന് വാങ്ങൽ പ്രോജക്ടിൽ 100000/- രൂപ വകയിരുത്തിയത് പൂർണ്ണമായി വിനിയോഗിച്ചിട്ടുണ്ട്.എന്നാൽ കറവപശുവളർത്തൽ (എസ്.സി) ക്കായി 15 പേർക്ക് വകയിരുത്തിയ 750000/- രൂപയിൽ 50000/- രൂപ മാത്രമേ തൻവർഷം വിനിയോഗിച്ചിട്ടുള്ളൂ. 460290 രൂപ വകയിരുത്തിയ മുട്ടക്കോഴി വിതരണം (ജനറൽ-വനിത) പ്രോജക്ട് തൻവർഷം നടപ്പാക്കിയിട്ടില്ല. 2016-17 വാർഷിക പദ്ധതി മാർഗ്ഗരേഖയിലെ മൃഗസംരക്ഷണ, ക്ഷീരവികസനമേഖലകൾക്കുള്ള നിർദ്ദേശങ്ങളും നിബന്ധനകളും പ്രകാരം മൃഗപക്ഷി സമ്പത്ത്, പാൽ മുട്ട മാംസം എന്നിവയുടെ ഉല്പാദനം വർദ്ധിപ്പിക്കുക എന്നതായിരിക്കണം പദ്ധതികളുടെ ലക്ഷ്യം. എന്നാൽ പ്രസ്തുത ലക്ഷ്യം കൈവരിക്കുന്നതിൽ തൻവർഷം നിർവ്വഹണ ഉദ്യോഗസ്ഥൻ നടപ്പിലാക്കിയ പദ്ധതികൾ കൊണ്ട് കഴിഞ്ഞില്ല ആയത് പദ്ധതി നിർവ്വഹണത്തിലെ വീഴ്ചയായി ഓഡിറ്റ് വിലയിരുത്തുന്നു .അപാകതകൾക്ക് വിശദീകരണം നൽകേണ്ടതാണ്.

## 3-10 -കൃഷി ,മൃഗസംരക്ഷണ മേഖലയിൽ ആവിഷ്കരിച്ച പദ്ധതികൾ ഗുണഭോക്താക്കളെ ലഭിക്കാത്തതിനാൽ നടപ്പിലാക്കിയില്ല.

തൻവർഷം ഉല്പാദന മേഖലയിൽ രൂപീകരിച്ച നെൽ കൃഷിവികസനം(അടങ്കൽ -338670), മുട്ടകോഴിവളർത്തൽ (അടങ്കൽ- 460290) എന്നീ പ്രോജക്ടുകൾ നടപ്പിലാക്കിയിട്ടില്ല.നെൽകൃഷി വികസനം പ്രോജക്ട് അപേക്ഷകരില്ലാത്തതിനാലും, മുട്ടക്കോഴി വളർത്തൽ പദ്ധതി യഥാസമയം ഗുണഭോക്തൃലിസ്റ്റ് ലഭിക്കാത്തതിനാലുമാണ് നടപ്പിലാക്കാതിരുന്നതെന്നാണ് ബന്ധപ്പെട്ട നിർവ്വഹണ ഉദ്യോഗസ്ഥർ ഓഡിറ്റിനെ അറിയിച്ചത്.പഞ്ചായത്തിന്റെ 2016-17 വർഷത്തെ പദ്ധതി രൂപീകരണ പ്രക്രിയ പരിശോധിച്ചതിൽ കൃഷി മൃഗസംരക്ഷണ മേഖലാ വർക്കിംഗ് ഗ്രൂപ്പുകളിൽ പദ്ധതി രൂപീകരണം സംബന്ധിച്ച ക്രിയാത്മക ചർച്ചകളോ,നിർദ്ദേശങ്ങളോ ഉണ്ടായില്ലെന്നും ,മേഖലയെ കുറിച്ച് തയ്യാറാക്കിയ സ്റ്റാറ്റസ് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലല്ല പദ്ധതികൾ തയ്യാറാക്കിയതെന്നും കാണുന്നു. 2016-17 വർഷ പദ്ധതി രൂപീകരണം സംബന്ധിച്ച വികസനസെമിനാർ 2016 ജൂൺ 18 ന് ചേർന്നതായും 295 പേർ പങ്കെടുത്തതായി മിനിട്സ് ബുക്കിൽ രേഖപ്പെടുത്തിയിട്ടുണ്ട്.എന്നാൽ മേഖല തിരിച്ചുള്ള പദ്ധതി നിർദ്ധേശങ്ങളോ തീരുമാനങ്ങളോ മിനിട്സ് ബുക്കിൽ രേഖപ്പെടുത്തിയിട്ടില്ല. 2016-17 ലെ അന്തിമ പദ്ധതി രേഖ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല ആയത് പദ്ധതി രൂപീകരണ പ്രക്രിയയിലെ വീഴ്ചയായി ഓഡിറ്റ് വിലയിരുത്തുന്നു. മേൽ അപാകതകളാണ് തൻവർഷം ഉല്പാദനമേഖലയിൽ വകയിരുത്തിയ തുകയിൽ 798960/ രൂപ ചലവഴിക്കാൻ കഴിയാതിരുന്നത് എന്ന് ഓഡിറ്റ് വിലയിരുത്തുന്നു. ആയത് ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 3-11 -അനുപൂരക പോഷകാഹാര വിതരണം -ഭക്ഷ്യധാന്യം സ്റ്റോക്കിലെടുത്തതിൽ കുറവ്

പ്രോജക്ട് നം-84/17

അടങ്കൽ - 2127929 /-(1700000 (വികസനഫണ്ട്) 427929(കേന്ദ്രഫണ്ട്))

ചെലവ് -1694000/- (1694000( വികസനഫണ്ട്) 379073(കേന്ദ്രഫണ്ട്))

ഓഡിറ്റ് വർഷം നിർവ്വഹണ ഉദ്യോഗസ്ഥനായ ഐ.സി.ഡിഎസ് സൂപ്പർ വൈസർ അനുപൂരക പോഷകാഹാര വിതരണ പദ്ധതി നടത്തിപ്പിനായി സപ്ലൈക്കോ ബിൽ പ്രകാരം വാങ്ങിയ ഭക്ഷ്യധാന്യങ്ങളിൽ താഴെ പറയുന്ന ഭക്ഷ്യധാന്യം

സ്റ്റോക്കിലെടുത്ത് വിതരണം നടത്തിയിട്ടില്ല.വിശദാംശം താഴെ ചേർക്കുന്നു.

| ട്രഷറി ബിൽ നം | സപ്ളൈക്കോ ബിൽ നം | സാധനം | അളവ് | വില | തുക |
|---|---|---|---|---|---|
| 5/30-9-16<br>തുക-790904/- | 1678/23-5-16<br>തുക-790904/- | ചെറുപയർ | 20 | 88 | 1760 |

മേൽ പ്രകാരം അളവ് ഭക്ഷ്യധാന്യം സ്റ്റോക്കിലെടുത്ത് വിതരണം ചെയ്യാത്തതിനാൽ സപ്ളൈക്കോയ്ക്ക് ഈ ഇനത്തിൽ അധികം നൽകിയ 1760/- രൂപ ഉത്തരവാദിയായവരിൽ നിന്ന് തിരികെ ഈടാക്കേണ്ടതാണ്.

## 3-12 -ഐ.സി.ഡി.എസ് സൂപ്പർവൈസറുടെ പദ്ധതി നടത്തിപ്പിലെ അപാകതകൾ

1-തൻവർഷം നിർവ്വഹണ ഉദ്യോഗസ്ഥയായ ഐ.സി.ഡിഎസ് സൂപ്പർ വൈസറുടെ പ്രജക്റ്റ് രജിസ്റ്റർ,ക്യാഷ് ബുക്ക് എന്നിവ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.

2-നിർവ്വഹണ ഉദ്യോഗസ്ഥ അംഗനവാടികളുടെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തൽ പ്രോജക്റ്റിനായി 568800/- രൂപ (പ്രോജക്റ്റ് നം- 148/16) അടങ്കലിൽ പ്രോജക്റ്റ് തയ്യാറാക്കുകയും പത്ര പരസ്യം നൽകി 567812/- രൂപയുടെ സാധനങ്ങൾ വാങ്ങുകയും ചെയ്തിട്ടുണ്ട്. എന്നാൽ പദ്ധതി നിർവ്വഹണത്തിൽ തദ്ദേശഭരണ സ്ഥാപനങ്ങൾ 500000/ രൂപയിൽ കൂടുതൽ മൂല്യമുള്ള സാധനങ്ങൾ വാങ്ങുന്നത് ഇ-ടെൻണ്ടർ മുഖേനെയായിരി ക്കണമെന്ന നിർദ്ദേശം പാലിച്ചിട്ടില്ല.

3-പ്രോജക്റ്റ് നം-77/16 ൽ ബഡ്സ് റീഹാബിലിറ്റേഷൻ സെന്റർ അന്തേവാസികൾക്ക് യൂണിഫോം വാങ്ങിനൽകുന്നതിനായി 12961/- രൂപ ചെലവഴിച്ചിട്ടുണ്ട്. പ്രസ്തുതചെലവിൽ 1674/- രൂപ വർക്കർ, ഹെൽപ്പർ എന്നിവർക്ക് യൂണിഫോമായി സാരിവാങ്ങി നൽകിയ ഇനത്തിലുള്ളതാണ്. ബഡ്സ് റീഹാബിലിറ്റേഷൻ അന്തേവാസികൾക്ക് യൂണിഫോം നൽകൽ പ്രോജക്റ്റിന്റെ ഭാഗമായി വർക്കർക്കും,ഹെൽപ്പർക്കും യൂണിഫോമിനായി തുക ചെവഴിച്ചതിനാധാരമായ ഗവൺമെന്റ് ഉത്തരവ് ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.

മേൽ അപാകതകൾക്ക് വിശദീകരണം നൽകേണ്ടതാണ്.

## 3-13 ആയുർവ്വേദ ആശുപത്രിക്ക് മരുന്ന് വാങ്ങൽ -മുഴവൻ മരുന്നുകളും ലഭിച്ചില്ല

നിർവ്വഹണോദ്യോഗസ്ഥൻ: മെഡിക്കൽ ഓഫീസർ ആയുർവ്വേദം

പ്രോജക്റ്റ് നം :76

ആയുർവ്വേദ ആശുപത്രിക്ക് മരുന്ന് വാങ്ങുന്നതിന് 250000/- രൂപയാണ് അടങ്കൽ തുക. ബിൽ നം. 2/16-17 തിയ്യതി.23-12-2016 പ്രകാരം പേരാമ്പ്ര സബ് ട്രഷറിയിൽ നിന്നും മേൽ തുക പിൻവലിച്ച് ഡി.ഡി നം 1085529 ആയി 23-12-2016 ന് ഔഷധി ഫാർമസ്യൂട്ടിക്കൽ കോർപ്പറേഷന് കൈമാറിയിട്ടുള്ളതാണ്.എഗ്രിമെന്റ് പ്രകാരം തുക കൈമാറി 60 ദിവസങ്ങൾ ക്കുള്ളിൽ ആവശ്യപ്പെട്ട മരുന്ന് പൂർണ്ണമായും വിതരണം ചെയ്യേണ്ടതാണ്.എന്നാൽ 24359/- രൂപയുടെ മരുന്നുകൾ ഓഡിറ്റ് തീയ്യതി വരെ ലഭ്യമായിട്ടില്ല.അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.ചെലവഴിച്ച തുക തടസ്സപ്പെടുത്തുന്നു.

## 3-14 പെയിൻ & പാലിയേറ്റീവ് ഹോംകെയർ പുനരധിവാസം -അപാകതകൾ

നിർവ്വഹണോദ്യോഗസ്ഥൻ: മെഡിക്കൽ ഓഫീസർ പി എച്ച് സി

പ്രോജക്റ്റ് നം :39

മെഡിക്കൽ ഓഫീസർ പി എച്ച് സി നിർവ്വഹണോദ്യോഗസ്ഥനായ പ്രോജക്റ്റിൽ 600000/-രൂപ വകയിരുത്തുകയും 599491/ - രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്.മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ തൈക്കാട് നിന്നും മരുന്ന്,മെഡിക്കൽ ഉപകരണങ്ങൾ എന്നിവ വാങ്ങുന്നതിനായി 300000/-രൂപ പഞ്ചാബ് നാഷനൽ ബാങ്കിന്റെ അക്കൗണ്ടിൽ അടവാക്കിയിട്ടുണ്ട്. സ.ഉ (എം എസ് ) നമ്പർ 4/2016 / ത സ്വ ഭ വ, തിരുവനന്തപുരം,തിയ്യതി 11.01.2016 ഖണ്ഡിക നമ്പർ 11.7. (ii) പ്രകാരം ഡി എം ഒ വിൽ നിന്നും നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ് വാങ്ങിച്ച ശേഷം മാത്രമാണ് മരുന്ന് വാങ്ങുന്നതിന് അനുമതി ഉള്ളത് നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ് വാങ്ങിക്കാതെയാണ് മരുന്നിന് ഓർഡർ നൽകിയിട്ടുള്ളത്. ഓഡിറ്റ് തിയ്യതി വരെ മരുന്നുകളും മെഡിക്കൽ ഉപകരണങ്ങളും മേൽ സ്ഥാപനത്തിൽ നിന്നും ലഭിച്ചിട്ടില്ല.

| ക്രമ നം | പ്രൊഫോമ നം | തിയ്യതി | അടവാക്കിയ തുക |
|---|---|---|---|
| 1 | PRF 2485 | 27-2-2017 | 200000/- |

| | | | |
|---|---|---|---|
| | PRF 2051 | | |
| 2 | PRF 2934 | 23-3-2017 | 70000/- |
| 3 | PRF 3082 | 23-3-2017 | 30000/- |
| ആകെ തുക | | | 300000/- |

മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-15 പി എച്ച് സി മരുന്ന് വാങ്ങൽ-മരുന്നുകൾ ലഭ്യമായില്ല.

നിർവ്വഹണോദ്യോഗസ്ഥൻ : മെഡിക്കൽ ഓഫീസർ പി എച്ച് സി

പ്രോജക്ട് നമ്പർ :131

മെഡിക്കൽ ഓഫീസർ നിർവ്വഹണോദ്യോഗസ്ഥനായ പി എച്ച് സി യിലേക്ക് മരുന്ന് വാങ്ങുന്ന

തിനുള്ള പ്രോജകുിൽ 200000/- രൂപയാണ് അടങ്കൽ തുക. സ.ഉ (എം എസ് ) നമ്പർ 4/2016 / തസ്വഭവ,

തിരുവനന്തപുരം, തിയ്യതി 11.01.2016 ഖണ്ഡിക നമ്പർ 11.7. (ii) പ്രകാരം ഡി എം ഒ വിൽ നിന്നും നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ് വാങ്ങിച്ച ശേഷം മാത്രമാണ് മരുന്ന് വാങ്ങുന്നതിന് അനുമതി ഉള്ളത്. നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ് വാങ്ങിക്കാതെയാണ് മരുന്നിന് ഓർഡർ നൽകിയിട്ടുള്ളത്. 200000/- രൂപ 27-02-2017 ന് മെഡിക്കൽ സർവ്വീസ് കോർപ്പറേഷനിൽ അടവാക്കിയെങ്കിലും ഓഡിറ്റ് തീയ്യതി വരെ മരുന്നുകൾ ലഭിച്ചിട്ടില്ല. അപാകതയ്ക്ക് വിശദീകരണം നൽകേണ്ടതാണ്. ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-16 സമഗ്ര ആരോഗ്യ പദ്ധതി-ആവശ്യത്തിലധികം ഉപകരണങ്ങൾ വാങ്ങി

നിർവ്വഹണോദ്യോഗസ്ഥൻ :മെഡിക്കൽ ഓഫീസർ പി എച്ച് സി

പ്രോജക്ട് നമ്പർ : 40

സമഗ്ര ആരേഗ്യപദ്ധതിയിലേക്ക് 250000/- രൂപ വകയിരുത്തുകയും 192375/- രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. മേൽ തുകയിൽ 71400/- രൂപ മെഡിക്കൽ ഉപകരണങ്ങൾ

വാങ്ങുന്നതിനാണ് ചെലവഴിച്ചിട്ടുള്ളത്. കൊച്ചിൻ സർജിക്കൽസിൽ നിന്നും താഴെ പറയുന്ന ഉപകരണങ്ങൾ വാങ്ങുന്നതിനായി പണം അടവാക്കിയിട്ടുണ്ട്.

| ക്രമ നം | ഉപകരണം | എണ്ണം | തുക | തിയ്യതി |
|---|---|---|---|---|
| 1 | ബി പി അപ്പാരറ്റസ് ഡയൽ ടൈപ്പ് | 35 | 44100/- | 10/03/2017 |
| 2 | സ്റ്റെതസ്കോപ്പ് | 35 | | |
| 3 | എച്ച് ബി മീറ്റർ ഡിജിറ്റൽ | 4 | 27300/- | 13/03/2017 |

മേൽ ഉപകരണങ്ങൾ വാങ്ങിയത് പർച്ചേസ് കമ്മിറ്റി മീറ്റിംഗ് ചേർന്ന് തീരുമാനം

എടുക്കാതെയാണ്. പി എച്ച് സി യിലും അനുബന്ധ സബ്സെന്ററിലുമായി 1 ഡോക്ടർ, സ്റ്റാഫ് നഴ്സ് -1, ജെ പി എച്ച് എൻ -4, കമ്മ്യൂണിറ്റി നഴ്സ് -1 എന്നിവരാണുള്ളത്.ബി പി അപ്പാരറ്റസ് , സ്റ്റെതസ്കോപ്പ് എന്നിവ മേൽപ്പറഞ്ഞ ജീവനക്കാർക്ക് വിതരണം ചെയ്താൽ 7എണ്ണം മാത്രമാണ് ആവശ്യമുള്ളത്. 35 എണ്ണത്തിന്റെ ആവശ്യകത എന്തിനാണെന്ന് വ്യക്തമല്ല. ആയത് വ്യക്തമാക്കേണ്ടതാണ്.

## 3-17 ഭവന നിർമ്മാണ പ്രോജക്ടുകൾക്ക് തറവിസ്തീർണ്ണം സംബന്ധിച്ച് സാക്ഷ്യപത്രം ഹാജരാക്കിയില്ല.

നിർവ്വഹണോദ്യോഗസ്ഥൻ : വി ഇ ഒ

പ്രോജക്ട് നമ്പർ :93/16-17,94,95,98,102

സ.ഉ (എം.എസ്)നമ്പർ 4/2016/തസ്വഭവ, തിരുവനമന്തപുരം, തിയ്യതി 11.01.2016 സബ്സിഡി നിരക്കുകൾ, മാനദണ്ഡങ്ങൾ -അനുബന്ധം 15 - 3.6 പ്രകാരം 30ച.മീറ്ററിൽ കുറയാത്തതും 66 ച.മീറ്ററിൽ കൂടാത്തതുമായ വീടുകൾക്കാണ്

ധനസഹായത്തിന് അർഹതയുള്ളത്(ഐ.എ.വൈ ഉൾപ്പെടെ എല്ലാ വീടുകൾക്കും ബാധകം ). മേൽ നമ്പർ പ്രോജക്ടുകളിൽ വീട് നിർമ്മാണം പൂർത്തീകരിച്ചതിന് ശേഷം വീടിന്റെ തറ വിസ്തീർണ്ണം 66ചതു.മീറ്ററിൽ കവിയുന്നില്ല എന്നത് സംബന്ധിച്ച രേഖകൾ ഹാജരാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് നിർവ്വഹണോദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയിട്ടില്ല. അപാകതയ്ക്ക് വിശദീകരണം നൽകേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്റ്റിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| പേരാമ്പ്ര ബ്ലോക്ക് പഞ്ചായത്ത് | 2016-17 | 100000/- | പച്ചക്കറി കൃഷി നം 73 | 47000/- | 53000/- |
| പേരാമ്പ്ര ബ്ലോക്ക് പഞ്ചായത്ത് | 2016-17 | 250000 | ODF | 250000 | 0 |
| പേരാമ്പ്ര ബ്ലോക്ക് പഞ്ചായത്ത് | 2016-17 | 100000 | ക്ഷീരവികസനം | 100000 | 0 |
| | | 450000/- | | 397000/- | 53000/- |

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| K.W.A | വാട്ടർ അതോറിറ്റി പൈപ്പ് ലൈൻ നീട്ടൽ | 21600933 /09.03.17 | 300000 | | 300000 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവ സാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ എം എസ് ഭവന പദ്ധതി | ജി ഒ 322/2010/ത സ്വ ഭവ തി.29.01.2010 | - | 3000000 | 1730967 | 0 | 1269033 |

•

## 4-5 സ്ഥിരനിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 10000/- |
| തൻവർഷം നിക്ഷേപിച്ച തുക | - |
| ആകെ | 10000/- |
| തന്നാണ്ടിൽ പിൻവലിച്ച തുക | - |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 10000/- |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു .

| നിക്ഷേപത്തിന്റെ വിവരം | തുക |
|---|---|
| ഇ എം എസ് മെമ്മോറിയൽ കോ.ഓപ്പ് ഹോസ്പിറ്റല്& റിസർച്ച് സെന്റർ പേരാമ്പ്ര,ഷെയർ സർട്ടിഫിക്കറ്റ് നം.1426, 26.08.2004 | 10000/- |
| ആകെ | 10000/- |

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 13781/-രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| | | 9661 | ജയപ്രകാശൻ | 11604103274 24.11.17 |
| 1996-97 | 25-1 | 177 | പി ബാബു | 11604103474 05.12.17 |
| 1996-97 | 29 | 150 | മൂസ കോത്തമ്പ്ര | 11604103475 05.12.17 |
| 1996-97 | 30-1<br>30-2 | 30 | പി ബാബു | 11604103476 05.12.2017 |
| 1996-97 | 30-1<br>30-2 | 499 | പി ബാബു | 11604103476 05.12.2017 |
| 1996-97 | 33 | 1090 | പി ബാബു | 11604103478 05.12.2017 |
| 1999-2000 | 39 | 634 | പദ്മനാഭൻ വി | 11604103484 05.12.2017 |
| 1998-99 | 34-b | 159 | ഇബ്രാഹിം എളംപിലിയത്ത് | 11604103485 05.12.2017 |
| 1998-99 | 34-b | 131 | അമ്മദ് ഒന്തത്ത് | 11604103486 05.12.2017 |
| 1998-99 | 34-b | 95 | ഇബ്രായി ചെറുകുന്നമ്മൽ | 11604103487 05.12.2017 |
| 1998-99 | 38 | 220 | പദ്മനാഭൻ വി | 11604103488 05.12.2017 |
| 1999-2000 | 32 | 675 | പദ്മനാഭൻ വി | 11604103489 05.12.2017 |
| 2015-16 | 01 | 10 | കരുണാകരൻ | 11604103593 14.12.2017 |
| 2015-16 | 01 | 200 | കാസിംഇ പി | 11604103594 14.12.2017 |
| 2015-16 | 01 | 50 | എം എ ജോസഫ് | 11604103595 14.12.2017 |
| | | 13781/- | | |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് | ഖണ്ഡിക | വിഷയം |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| വർഷം | | വർഷം | | |
| 1998-99 | 43 | 2003-04 | പൊതുപരാമർശം | മൺപാത്ര നിർമ്മാണം തുടങ്ങിയതിന് രേഖകളില്ല. |
| 1998-99 | 44 | -do- | -ടി- | പായ,കൊട്ട, മുറം നിർമ്മാണ യൂനിറ്റ് തുടങ്ങിയ തിന് രേഖകളില്ല. |
| 2000-01 | | 2004-05 | -ടി- | നികുതി പിരിവിൽ അലംഭാവം |
| 2001-02 | 2(1) a,b 2(2),2(3),2(4), 2(5), 2(12) | 2006-07 | -ടി- | മണൽ വില്പന റിവർ മാനേജ്മെന്റ് ഫണ്ട് അടവാക്കുന്നില്ല. |

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 7,19,34,911 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 4,90,17,354 |
| വരവിനങ്ങളിലുള്ള നഷ്ടം | |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 22,917 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 8,34,359 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-3 | | 7907 | അനീഷ് അരവിന്ദ് സെക്രട്ടറി |
| 3-7 | | 13250 | ദിലീപ് കുമാർ.പി കൃഷിഓഫീസർ |
| 3-11 | | 1760 | മോളി ഐ.സി.ഡി.എസ് സൂപ്പർ വൈസർ |
| | ആകെ | 22917 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-4 | 10000 | അനീഷ് അരവിന്ദ് സെക്രട്ടറി |
| 3-8 | 300000 | അസിസ്റ്റന്റ് സെക്രട്ടറി സുനിൽ കുമാർ.എൻ |
| 3-13 | 24359 | ഡോ.ശിവപ്രസാദൻ ആയുർവ്വേദമെഡിക്കൽ ഓഫീസർ |
| 3-14 | 300000 | ഡോ.ബിജേഷ്ഭാസ്കരൻ.സി.പി മെഡിക്കൽ ഓഫീസർ |
| 3-15 | 200000 | ഡോ.ബിജേഷ്ഭാസ്കരൻ.സി.പി |

| | | |
|---|---|---|
| | | മെഡിക്കൽ ഓഫീസർ |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| അനീഷ് അരവിന്ദ് സെക്രട്ടറി | സെക്രട്ടറി കുരാച്ചുണ്ട് ഗ്രാമപഞ്ചായത്ത് | ശ്രീഹരി നിവാസ് പേരാമ്പ്ര-പിഒ പേരാമ്പ്ര |
| ദിലീപ് കുമാർ.പി കൃഷിഓഫീസർ | ദിലീപ് കുമാർ.പി കൃഷിഓഫീസർ | മാരാംകോട്ട് പകൽക്കുറി-പി.ഒ കിളിമാനൂർ തിരുവനന്തപുരം |
| മോളി ഐ.സി.ഡി.എസ് സൂപ്പർ വൈസർ | മോളി ഐ.സി.ഡി.എസ് സൂപ്പർ വൈസർ | കുന്നുക്കൽ ഹൗസ് ചക്കിട്ടപ്പാറ-പി.ഒ കോഴിക്കോട് |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1993-94,94-95 | എൽ.എഫ്.കെകെഡി(പി4)40(8)/10 തി.18.6.12 | 1 |
| 1995-96 | എൽ.എഫ്.കെകെഡി(പി4)40(9)/10 തി.18.6.12 | 1 |
| 1996-97 | എൽ.എഫ്.കെകെഡി(പി4)40(10)/10 തി.18.6.12 | 4 |

| | | |
|---|---|---|
| 1997-98 | എൽ.എഫ്.കെകെഡി(പി4)951/99 തി.18.6.12 | 1 |
| 1998-99 | എൽ.എഫ്.കെകെഡി(പി4)2081/14(1) തി.10.2.14 | 11 |
| 1999-00 | എൽ.എഫ്.കെകെഡി(പി4)2081/14(2) തി.10.2.14 | 5 |
| 2000-01വരവ് | എൽ.എഫ്.കെകെഡി(പി4)2081/14(3) തി.10.2.14 | 4 |
| 2001-02 plan | എൽ.എഫ്.കെകെഡി(എസ്1)832/08 തി.9.12.09 | 3 |
| 2002-03 | എൽ.എഫ്.കെകെഡി(എസ്1)1338/07 തി.4.6.08 | 16 |
| 2003-04 | എൽ.എഫ്.കെകെഡി(എസ്1)53/08 തി.9.9.08 | 27 |
| 2004-05 | എൽ.എഫ്.കെകെഡി(പി4)753/09 തി.9.7.09 | 10 |
| 2005-06 | എൽ.എഫ്.കെകെഡി(പി4)837/09 തി.4.8.09 | 16 |
| 2006-07 | എൽ.എഫ്.കെകെഡി(പി4)1957/11 തി.20.1.12 | 39 |
| 2007-08 | എൽ.എഫ്.കെകെഡി(പി4)1158/11തി.3.2.12 | 26 |
| 2008-09 | എൽ.എഫ്.കെകെഡി(പി4)1935/13 തി.28.1.13 | 21 |
| 2009-10 | എൽ.എഫ്.കെകെഡി(പി4)1940/13 തി.28.1.13 | 22 |
| 2010-11, 11-12 | എൽ.എഫ്.കെകെഡി(പി4)1433/13 തി.5.3.2014 | 22 |
| 2012-13 | എൽ.എഫ്.കെകെഡി(പി4)1246/14 തി.30.8.2014 | 27 |
| 2013-14,2014-15 | കെ.എസ്.എ.കെ.കെ.ഡി പി.4/1387/16 | 10 |
| 2015-16 | കെ.എസ്.എ.കെ.കെ.ഡി പി.4/2304/16 തീ. 8-5-17 | 18 |

അവശേഷിക്കുന്ന ഖണ്ഡികകൾ തീർപ്പാക്കാൻ സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം,
കോഴിക്കോട്.

## അനുബന്ധം 1

### ഓഡിറ്റ് സർട്ടിഫിക്കറ്റ്

കെ.എസ്.എ.കെ.കെ.ഡി പി.4/1564/2017.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം,കോഴിക്കോട്

E-mail: dokkd.ksad@kerala.gov.in

ഫോൺ: 0495-2371012

തീയതി. 10-8-2017

1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പ്, 1994 ലെ കേരള പഞ്ചായത്ത് രാജ്

നിയമത്തിൻെറ 215 ാം വകുപ്പ് ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനുവേണ്ടി കംപ് ട്രോളർ ആൻറ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും കോഴിക്കോട് ജില്ലയിലെ ചങ്ങരോത്ത് ഗ്രാമ പഞ്ചായത്തിൻെറ 2016–17 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെൻറ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ ചങ്ങരോത്ത് പഞ്ചായത്തിന്റെ 2016-17 ലെ വാർഷിക ധനകാര്യ പത്രിക, വരവ്-ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്

KSA.KKD-P4/1564/2017

Kerala State Audit Department

District Audit Office, Kozhikode

Phone: 0495-2371012

E-mail:dokkd.ksad@kerala.gov.in

Date: 10-8-2017

## AUDIT CERTIFICATE

Certified that I have audited the Annual Financial Statement of Changaroth Panchayat in Kozhikode District for the year ended on 31.03.2017 in accordance with section '4' of the Kerala Local Fund Audit Act 1994; Section 215 of the Kerala Panchayat Raj Act 1994; the rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of audit of accounts of Panchayat Raj Institutions.

In my opinion, the Financial Statements of Changaroth panchayat for the year 2016-17 except the observations in my audit report properly presents the picture of income and expenditure .

DEPUTY DIRECTOR

DISTRICT AUDIT OFFICE, KOZHIKODE.